**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - ഓപ്പൺ ഡെഫീക്കേഷൻ ഫ്രീ കാമ്പയിൻ - വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം - ത്രിതല പഞ്ചായത്തുകൾ അധിക തുക വകയിരുത്തി പ്രോജക്ട് തയ്യാറാക്കുന്നത് - നിർവഹണ മാർഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

===========================================================

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ)നം.2701/16/തസ്വഭവ    തീയതി, തിരുവനന്തപുരം.19.09.2016

===========================================================

പരാമർശം - സർക്കാർ ഉത്തരവ് (സാധാ) 2537/2016/ത.സ്വ.ഭ.വ തീയതി 27.08.2016.

<u>ഉത്തരവ്</u>

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പൂർണ്ണമായും ODF ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കക്കൂസ് നിർമാണം പൂർത്തിയാക്കുന്നതിന് അധിക തുക ആവശ്യമായ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ 99 കോടി രൂപ പ്രത്യേക സഹായമായി അനുവദിച്ചുകൊണ്ടും ബന്ധപ്പെട്ട ത്രിതല പഞ്ചായത്തുകൾക്ക് തങ്ങളുടെ വികസന ഫണ്ടിൽ നിന്നും അധിക തുക വകയിരുത്തി നൽകിക്കൊണ്ടും പിന്നീട് സർക്കാരിൽ നിന്ന് ഫണ്ട് പഞ്ചായത്തുകൾക്ക് റീ ഇമ്പേഴ്സ് ചെയ്ത് നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിൽ 39120 ടോയിലറ്റുകൾ അധിക ധനസഹായം കൂടി ചേർത്ത് നിർമ്മിക്കുന്നതിന് താഴെ പറയും പ്രകാരം പ്രോജക്ട് നിർവഹണ മാർഗനിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**പ്രോജക്റ്റ് തയ്യാറാക്കലും അംഗീകാരവും**

ഗ്രാമപഞ്ചായത്തുകൾക്ക് തനത് പ്രോജക്ടായോ, ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്തുകളുമായി ചേർന്നുള്ള സംയുക്ത പ്രോജക്ടായോ നടപ്പിലാക്കാൻ കഴിയും. ഗ്രാമപഞ്ചായത്തുകൾ സ്വന്തം നിലയിൽ തന്നെ തങ്ങളുടെ

വികസന ഫണ്ടിൽ നിന്നും അധിക തുക വകയിരുത്തുകയാണെങ്കിൽ നിലവിലുള്ള പ്രോജക്ട് ഭേദഗതി ചെയ്ത് അംഗീകാരം വാങ്ങി നടപ്പിലാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്ത്/ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത പ്രോജക്ടായി നിർവഹണം നടത്തുകയാണെങ്കിൽ നിലവിലുള്ള സംയുക്ത പ്രോജക്ട് നിർവഹണ നടപടികൾ പാലിച്ചിരിക്കേണ്ടതാണ്. അതാത് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഇക്കാര്യത്തിലേക്ക് പ്രോജക്ട് തയ്യാറാക്കേണ്ടതും ഏതു ഗ്രാമ പഞ്ചായത്തിൽ, ഏത് വാർഡിലെ ഏതെല്ലാം ഗുണഭോക്താക്കൾക്ക്, എത്ര രൂപ വീതം വകയിരുത്തുന്നുവെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പ്രോജക്ടിന്റെ ഭാഗമാക്കേണ്ടതാണ്. ഇതിനുവേണ്ടി ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് തലത്തിൽ പ്രത്യേക യോഗം അതാത് അധ്യക്ഷൻ വിളിച്ചു ചേർത്ത് പ്രസ്തുത പ്രോജക്ടിന് ഡി.പി.സി. അംഗീകാരം വാങ്ങി നടപ്പിലാക്കണം.

**പ്രോജക്ട് നിർവഹണം**

ഗ്രാമ പഞ്ചായത്തുകളുടെ കാര്യത്തിൽ നേരിട്ട് പ്രോജക്ട് നിർവഹണം നടത്താം. സംയുക്ത പ്രോജക്ടിന്റെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തിനുള്ള അധിക ധനസഹായ തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് അതാത് ട്രഷറിയിൽ നിന്നും മാറി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറേണ്ടതാണ്. തുടർന്ന് ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് അതാത് ഗ്രാമ പഞ്ചായത്തിനെയും ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററെയും അറിയിക്കേണ്ടതാണ്.

**അധിക തുക നിശ്ചയിക്കലും വിതരണവും**

സ.ഉ. (സാധാ) നം. 2245/2016/തസ്വഭവ തീയതി 26.07.2016 ൽ പ്രതിപാദിക്കുംവിധം ഓരോ കുടുംബത്തിനും അധികമായി നൽകേണ്ട തുക എത്രയെന്ന് ജില്ലാ കളക്ടർ രൂപീകരിക്കുന്ന സാങ്കേതിക വിദഗ്ധ ടീം (ആവശ്യാനുസരണം ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് തല ടീമുകൾ) ഗുണഭോക്തൃഭവനങ്ങൾ സന്ദർശിച്ച്

വിലയിരുത്തിയ ശേഷമായിരിക്കണം നിശ്ചയിക്കേണ്ടത്. ഗുണഭോക്തൃ ലിസ്റ്റും അധികമായി നൽകപ്പെടുന്ന തുക സംബന്ധിച്ച വിവരവും സഹിതം ജില്ലാ കളക്ടറുടേയും ശുചിത്വമിഷന്റെയും ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം. ജില്ലാ ശുചിത്വമിഷന്റെ തീരുമാനപ്രകാരമാകണം അധിക തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന് നൽകേണ്ടത്.

ജില്ലാ / ബ്ളോക്ക് പഞ്ചായത്തുകൾ വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിലെ IHHL നു വേണ്ടി മാറ്റിവയ്ക്കുന്ന അധിക തുക സർക്കാർ റീ ഇംബേഴ്സ് ചെയ്തു നല്കുന്നതാണ്. 2016 നവംബർ 1 നു ശേഷം ജില്ലാ/ ബ്ളോക്ക് പഞ്ചായത്തുകൾ ഈ തുക റീ ഇംബേഴ്സ് ചെയ്ത് കിട്ടുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ടി.പി. വിജയകുമാർ
ഗ.വ. സ്പെഷ്യൽ സെക്രട്ടറി

എല്ലാ ജില്ലാകളക്ടർമാർക്കും
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
എല്ലാ മുൻസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ.ഡി / വെബ് & ന്യൂ മീഡിയ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ